# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY 14 | 2022 |
|---|---|



## ശബരിമല പത്രക്കുറിപ്പ് 2

ഫോൺ : 04735-202664

www.sabarimala.kerala.gov.in prdsabarimala2021@gmail.com

### കെ എസ് ആർ ടി സി സർവ്വീസ് നടത്തിയത് 900 ബസുകൾ

മകര വിളക്കിനോട് അനുബന്ധിച്ച് പമ്പയിൽ നിന്നും കെ എസ് ആർ ടി സി 900 ബസുകൾ സർവ്വീസ് നടത്തി. മകര ജ്യോതി ദർശനത്തിന് ശേഷം അയ്യപ്പ ഭക്തൻമാർക്ക് നിലയ്ക്കൽ എത്തുന്നതിനും കൂടാതെ വിവിധ സ്ഥലങ്ങളിലേക്ക് ദീർഘ ദൂര യാത്രയ്ക്കുമാണ് ഇത്രയും ബസ് എത്തിച്ചത്. നിലവിൽ പമ്പ-നിലയ്ക്കൽ ചെയിൻ സർവ്വീസുകൾക്കായി 60 എ. സി. ലോ ഫ്ലോർ ബസുകൾ അടക്കം 180 ബസുകളാണ് ക്രമീകരിച്ചിരുന്നത്. ഇതിനോടൊപ്പം ദീർഘദൂര - ഇന്റർ സ്റ്റേറ്റ് സർവ്വീസുകൾക്കുമായി 50 ബസുകളും ക്രമീകരിച്ചിരുന്നു. ഇതിന് പുറമെയാണ് ഡിപ്പോകളിൽ നിന്നും മറ്റ് സ്പെഷ്യൽ സെന്ററുകളിൽ നിന്നുമായി 700 ബസുകൾ കൂടി അധികമായി സർവീസ് നടത്തിയത്.

ഇത്തരത്തിൽ സംസ്ഥാനത്തെ കാസർഗോഡ് മുതൽ പാറശാല വരെയുള്ള എല്ലാ ഡിപ്പോകളിൽ നിന്നുമായി മകരവിളക്ക് സ്പെഷ്യൽ സർവ്വീസിനായി ബസുകൾ എത്തിച്ചത്. ജീവനക്കാരെയും, സൂപ്പർവൈസറി ജീവനക്കാരെയും, ഓഫീസർമാരേയും ജനുവരി 13 ന് രാവിലെ മുതൽ മുൻകൂട്ടി വിന്യസിച്ച് ബസുകൾ 14ന് രാവിലെ രാവിലെ 6 മണി മുതൽ പുറപ്പെട്ട് ഉച്ചക്ക് 3 മണിക്ക് മുൻപായി പമ്പയിൽ എത്തിച്ചു.

പമ്പ-നിലയ്ക്കൽ ചെയിൻ സർവ്വീസുകൾ ത്രിവേണിയിൽ നിന്നും, ദീർഘ ദൂര സർവ്വീസുകൾ പമ്പ-നിലയ്ക്കൽ കെ എസ് ആർ ടി സി സ്റ്റാൻഡിൽ നിന്നുമാണ് സർവ്വീസ് നടത്തിയത്. 450 ബസുകൾ അടങ്ങിയ പമ്പ-നിലയ്ക്കൽ ചെയിൻ സർവ്വീസുകൾ ഒരു റൗ ് പൂർത്തിയാക്കി നിലക്കൽ പാർക്കിംഗ് കേന്ദ്രങ്ങളിൽ എത്തിച്ചും ദീർഘ ദൂര യാത്രക്കാർ എത്തിയ മുറക്ക് ദീർഘദൂര സർവ്വീസ് ആരംഭിച്ചതും എല്ലാ അയ്യപ്പ ഭക്തർക്കും ആശ്വാസമായി.

ബസുകൾ പരിശോധിച്ച് കുറ്റമറ്റ രീതിയിൽ പരിപാലിക്കുന്നതിന് ആറ് മെക്കാനിക്കൽ ജീവനക്കാർ അടങ്ങിയ ടീമുകൾ നിലയ്ക്കൽ, ചാലയ്ക്കയം, പ്ലാപ്പള്ളി, പമ്പ, പെരുനാട്, ളാഹ എന്നിവടങ്ങിലും പമ്പ ബസ് സ്റ്റേഷനിലും തയ്യാറാക്കി നിർത്തി.

പമ്പ സ്പെഷ്യൽ സർവ്വീസുമായി ബന്ധപ്പെട്ട് മികച്ച രീതിയിൽ സേവനം അനുഷ്ടിച്ച ഓഫീസർമാർ അടക്കം മുഴുവൻ ഓഫീസർമാരേയും, ജീവനക്കാരേയും സി എം ഡി ബിജു പ്രഭാകർ ഐ എ എസ് അഭിനന്ദിച്ചു.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.